സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്

*13 [193] ശ്രീ. ജോണി നെല്ലൂർ:
" ഉമേഷ് ചള്ളിയിൽ:
" എ. എൻ. രാജൻ ബാബു:
" കെ. കെ. ഷാജു:
" ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് വകുപ്പിൽനിന്ന് നൽകുന്നുണ്ടോ;

(ബി) പുതുതായി ആരംഭിച്ചതും ആരംഭിക്കാനിരിക്കുന്നതുമായ സ്വാശ്രയ സ്ഥാപനങ്ങളിൽ ചേരുന്ന വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി, സി) പരിശോധിച്ചുവരുന്നു.

ഗൃഹനിർമ്മാണ പദ്ധതി

*14 [194] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി പുതിയ ഗൃഹനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിപ്രകാരം എത്ര വീടുകളാണ് നിർമ്മിച്ചു നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) വീട് അനുവദിച്ചു നൽകുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 13559-ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 2470 വീടുകളുമാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽപ്പെട്ടവരും 3 സെന്റ് ഭൂമിയുള്ളവരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായത്തിന് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly